# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1569 — 14.12.2012- ൽ മറുപടിക്ക്

## ഹൈടെക് കൃഷിരീതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ. കെ. ബാലൻ | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും<br>വകുപ്പുമന്ത്രി |
| എ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഹൈടെക് കൃഷി രീതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പഞ്ചായത്തിലായി ഏതെല്ലാം പ്രദേശത്ത് ആരംഭിച്ചിട്ടുണ്ട് ; ഇനി എവിടെയെല്ലാമാണ് ആരംഭിക്കാൻ പോകുന്നത്; | എ ഉണ്ട്. 2012-13 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഹൈടെക് കൃഷി പദ്ധതിയിൽ സംസ്ഥാനത്ത് 978 ഗ്രാമപഞ്ചായത്തുകളിലായി ഒരു പഞ്ചായത്തിൽ 3 എണ്ണം എന്ന നിരക്കിൽ 2934 പോളീഹൗസുകൾ ആണ് സ്ഥാപിക്കുവാൻ വിഭാവനം ചെയ്തിട്ടുള്ളത്. ഇത് സ്ഥാപിക്കുന്നതിനായി ഗുണഭോക്താക്കളെ തിരഞ്ഞെടുത്തുകഴിഞ്ഞു. നിലവിൽ സംസ്ഥാന വ്യാപകമായി 538 പഞ്ചായത്തുകളിൽ നിന്നും 1009 ഗുണഭോക്താക്കളെ പദ്ധതിയ്ക്കായി തിരഞ്ഞെടുത്തു. അവർക്ക് പോളീഹൗസ് സംബന്ധമായ സാങ്കേതിക വിവരങ്ങൾ കൈമാറുകയും അനുവാദ ഉത്തരവുകൾ നൽകുകയും ചെയ്യുന്ന നടപടികൾ പുരോഗമിച്ച് വരുന്നു.<br><br>സംസ്ഥാനത്ത് ഹൈടെക് കൃഷി വ്യാപകമാക്കുവാനായി 2012-13 സാമ്പത്തികവർഷം ഒരു കോടി രൂപ സർക്കാർ വെജിറ്റബിൾ ആന്റ് പ്രൊമോഷൻ കൗൺസിലിന് അനുവദിച്ചിട്ടുണ്ട്. ഈ തുക 500 $M^2$ വീതമുള്ള 12 പോളിഹൗസുകൾ, 38 ഏക്കർ സ്ഥലത്ത് പ്രസിഷൻ ഫാമിങ്, അനുബന്ധ പരിശീലനങ്ങൾ, പഠനയാത്രകൾ എന്നിവയ്ക്കായാണ് വകയിരുത്തിയിട്ടുള്ളത്. ഈ ഇനങ്ങളിലെല്ലാം തന്നെ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു. |
| ബി ഇതിനായി പ്രദേശങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; ആരാണ് അനുയോജ്യമായ പ്രദേശങ്ങൾ തെരഞ്ഞെടുക്കുന്നത്; | ബി സംസ്ഥാനത്ത് എല്ലാ ഗ്രാമപഞ്ചായത്തുകളേയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ലഭിച്ചിട്ടുള്ള അപേക്ഷകളുടെ പ്രാഥമിക പരിശോധന അതാതു പ്രദേശത്തെ കൃഷി ഓഫീസർമാർ നടത്തി കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ മുഖേന ജില്ലാ കൃഷി ഓഫീസിൽ സമർപ്പിക്കുകയും ഈ |

പദ്ധതിയ്ക്കു വേണ്ടി രൂപം കൊടുത്തിട്ടുള്ള ജില്ലാതല ടെക്നിക്കൽ കമ്മിറ്റിയിൽ അന്തിമമായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുകയും ചെയ്യുന്നു.

പോളിഹൗസുകൾ സ്ഥാപിക്കുവാൻ സന്നദ്ധരായ കർഷകരെയാണ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ 11 ജില്ലകളിലായി തെരഞ്ഞെടുത്തിരിക്കുന്നത്.

സി പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

സി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ഹൈടെക് പദ്ധതിയിൽ തിരഞ്ഞെടുക്കുന്ന കർഷകർക്ക് 400 ചതുരശ്രമീറ്ററിൽ വിസ്തീർണ്ണമുള്ള പോളീഹൗസുകൾ നിർമ്മിക്കുന്നതിന് ചതുരശ്രമീറ്ററിന് 935 രൂപ എന്ന നിരക്കിൽ ആകെ 3.74 ലക്ഷം രൂപ ചെലവ് കണക്കാക്കുന്നു. ഈ തുകയുടെ 75 ശതമാനമായ 2.805 ലക്ഷം രൂപ ധനസഹായമായി അനുവദിക്കുന്നു. ഇതിൽ 50 ശതമാനം (1.87 ലക്ഷം രൂ )ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ ധനസഹായമായും 25 ശതമാനം (0.935) തുക സംസ്ഥാന പദ്ധതി വിഹിതമായുമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

വി.എഫ്.പി.സി.കെ പോളി ഹൗസുകൾ നിർമ്മിക്കുവാൻ സന്നദ്ധരായ 12 കർഷകരെ, 11 ജില്ലകളിൽ നിന്നായി തെരഞ്ഞെടുത്ത് പരിശീലനം നല്കുകയും അവർക്കായി പഠനയാത്ര സംഘടിപ്പിക്കുകയും ചെയ്തു. 4.5 ലക്ഷം രൂപ അല്ലെങ്കിൽ മൊത്തം ചെലവിന്റെ 75 ശതമാനം കർഷകർക്ക് സബ്സിഡിയായി നല്കുന്നുണ്ട്. ശാസ്ത്രീയമായി നിർമ്മിച്ച പോളിഹൗസുകൾക്കുള്ളിൽ കൃത്യതാകൃഷി പ്രാവർത്തികമാക്കുകയാണ് പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

ഡി സംസ്ഥാനത്ത് ഈ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരുടെ പഠനമാണ് ഈ പദ്ധതി നടപ്പാക്കാൻ വേണ്ടി ഉപയോഗപ്പെടുത്തിയത്; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഡി സംസ്ഥാനത്ത് ഹൈടെക് കൃഷിയെ സംബന്ധിച്ച് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ നാളിതുവരെ പഠനങ്ങളൊന്നും നടത്തിയിട്ടില്ല. എന്നാൽ ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ ധനസഹായം ഉപയോഗിച്ച് സ്ഥാപിച്ച ഹൈടെക് പോളീഹൗസുകളിൽ മികച്ച ഉത്പാദനം നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ